# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി III
## (SUBJECT COMMITTEE III)

## ജലവിഭവം
## (WATER RESOURCES)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
## ആറാമത് റിപ്പോർട്ട്
## (2026 -2027)

## SIXTH REPORT ON THE SCRUTINY OF DEMANDS FOR GRANTS
## (2026 -2027)

**2026 ഫെബ്രുവരി 23-ാം തീയതി സമർപ്പിച്ചത്**
**(Presented on 23rd February, 2026)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2026

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി III
## (SUBJECT COMMITTEE III)

# ജലവിഭവം
# (WATER RESOURCES)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
ആറാമത് റിപ്പോർട്ട്
(2026 -2027)

SIXTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2026-2027)

198/2026.

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

സബ്ജക്ട് കമ്മിറ്റി III
(ജലവിഭവം)
(2023 -2026)

**ഘടന**

<u>ചെയർപേഴ്സൺ</u> :

ശ്രീ. റോഷി അഗസ്റ്റിൻ,
ജലവിഭവ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. എ. മജീദ്

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. മാണി സി. കാപ്പൻ

ശ്രീ. കെ. ജെ. മാക്സി

ശ്രീ. എച്ച്. സലാം

ശ്രീ. ടി. സിദ്ദിഖ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ആർ. എസ്. സന്തോഷ്കുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി.

# അവതാരിക

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2026-2027 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട് സമിതിയുടെ ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

2026 ഫെബ്രുവരി 6, 11 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XX | — | ശുദ്ധജലവിതരണവും ശുചീകരണവും |
| ധനാഭ്യർത്ഥന നമ്പർ XXIX | — | കൃഷി (ചെറുകിട ജലസേചനം)<br>(2702, 2705, 4702, 4705, 6705 എന്നീ കണക്കിനങ്ങൾ മാത്രം) |
| ധനാഭ്യർത്ഥന നമ്പർ XXXVIII | — | ജലസേചനം |

മേൽ പരാമർശിച്ച ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗത്തിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യമായ അധിക വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികപരവുമായ പരിമിതികൾക്ക് വിധേയമായി സമിതി നൽകിയ നിർദ്ദേശങ്ങളും ശിപാർശകളുമാണ് ഈ റിപ്പോർട്ടിൽ ഉള്ളടക്കം ചെയ്തിരിക്കുന്നത്.

2026 ഫെബ്രുവരി 17-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2026 ഫെബ്രുവരി 23.

**റോഷി അഗസ്റ്റിൻ,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി III.*

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ — XX

## ശുദ്ധജലവിതരണവും ശുചീകരണവും

വോട്ട് ചെയ്തത് : 1332.8851 കോടി രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

### 2215— ശുദ്ധജലവിതരണവും ശുചീകരണവും

2215-01-003-99– ശുദ്ധജലവിതരണവും ശുചീകരണവും-ശുദ്ധജലവിതരണം-പരിശീലനം - ഐ. ഇ. സി., കാര്യശേഷി വർദ്ധിപ്പിക്കൽ, പരിശീലനവും ജലശ്രീ ക്ലബ്ബ്

വിഹിതം : 15 ലക്ഷം രൂപ (പ്ലാൻ)

1) ജല സാക്ഷരതയ്ക്കും പരിസര ശുചിത്വത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള പ്രചരണ പരിപാടികളും പരിശീലനങ്ങളും സംഘടിപ്പിക്കുന്നതിനും ജലശ്രീ ക്ലബ്ബുകൾ സംസ്ഥാന വ്യാപകമാക്കുന്നതിന്റെ ഭാഗമായി ജില്ല, സംസ്ഥാന തലങ്ങളിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പൊതുസമൂഹത്തിനും ജലസംബന്ധമായ മത്സരങ്ങൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, പരിശീലന പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനും പതിനായിരത്തോളം സർക്കാർ -എയിഡഡ് ഹൈസ്കൂളുകളിലും ഹയർസെക്കൻഡറി സ്കൂളുകളിലും ജലശ്രീ ക്ലബ്ബ് മാർഗ്ഗരേഖ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനും KRWSA-യുടെ പദ്ധതി നടപ്പിലാക്കുന്ന ഉദ്യോഗസ്ഥർക്ക് നൂതന സാങ്കേതിക വിദ്യയിലുള്ള പരിശീലനം നല്കുന്നതിനുമായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-004-99– ശുദ്ധജലവിതരണവും ശുചീകരണവും-ശുദ്ധജലവിതരണം-ഗവേഷണം-സംരംഭക വിഭവ ആസൂത്രണം (ഇ. ആർ. പി.)

വിഹിതം : 1 കോടി രൂപ (പ്ലാൻ)

2) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കായും കേരള ജല അതോറിറ്റിക്കുവേണ്ടി പ്രവർത്തിക്കുന്ന ജി.ഐ.എസ് . വിദഗ്ധന് പ്രതിഫലം നല്കുന്നതിനും കംപ്യൂട്ടർ സൗകര്യം മെച്ചപ്പെടുത്തുന്നതിനും കംപ്യൂട്ടറുകൾ, പുതിയ സെർവർ,

സോഫ്റ്റ്‌വെയറുകൾ എന്നിവ വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 73 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215 -01-101-97 - (01) – ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം - നഗര ശുദ്ധ ജലവിതരണ പദ്ധതി-കേരളാ പരിപ്രേക്ഷ്യ പദ്ധതി 2030 മുൻഗണനാ പദ്ധതികൾ നടപ്പാക്കൽ- നവീന സാങ്കേതിക വിദ്യകളും, ആധുനിക മാനേജ്മെന്റ് രീതികളും

വിഹിതം : 1 കോടി രൂപ (പ്ലാൻ)

3) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 3.52 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215 -01-102-80 – ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണ പദ്ധതി - പൊതുജന സഹായത്തോടു കൂടിയ ജലവിതരണ പദ്ധതിയ്ക്ക് സുസ്ഥിരത ഉറപ്പാക്കൽ

വിഹിതം : 31 കോടി രൂപ (പ്ലാൻ)

4) 2023-24 സാമ്പത്തിക വർഷം മുതൽ ബജറ്റ് വിഹിതം പൂർണമായും ലഭിക്കാത്തതിനാൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനും പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ പ്രതീക്ഷിത ചെലവുകൾക്കായും ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-190-99(01) – ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജല അതോറിറ്റിക്കുള്ള സഹായധനം-പരിവേഷണവും സൂക്ഷ്മപരിശോധനയും

വിഹിതം : 1.1 കോടി രൂപ (പ്ലാൻ)

5) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-190-99(19)-31– ശുദ്ധജലവിതരണവും ശുചീകരണവും-ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - സഹായധനം - ശമ്പളം

വിഹിതം : 166.2208 കോടി രൂപ (നോൺ പ്ലാൻ)

6) കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളം, വിരമിച്ച ജീവനക്കാരുടെ പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ നൽകുന്നതിനും ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, ജി.പി.എഫ് . എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 963.04 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215 -01-190-99(19)- 36– ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - സഹായധനം - ശമ്പളേതരം

വിഹിതം : 133.9138 കോടി രൂപ (നോൺ പ്ലാൻ)

7) കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് , ലോണുകളുടെ തിരിച്ചടവ് , വൈദ്യുതി ചാർജ്ജ് എന്നിവ ഒടുക്കുന്നതിനും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് , വൈദ്യുതി ചാർജ്ജ് എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1218.13 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-190-92– ശുദ്ധജലവിതരണവും ശുചീകരണവും-ശുദ്ധജലവിതരണം-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം

വിഹിതം : 6 കോടി രൂപ (പ്ലാൻ)

8) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയുടെ വെല്ലിംഗ്ടൺ വാട്ടർ വർക്സ് , ഹെഡ് ഓഫീസ് പരിസരം എന്നിവ സാംസ്കാരികവും വിദ്യാഭ്യാസപരവുമായി ആകർഷണീയമാക്കി മാറ്റുന്നതിനും വേണ്ടിയുള്ള പഴയ ഓഫീസ്

കെട്ടിടത്തിന്റെ നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ , വാട്ടർ മ്യൂസിയത്തിന്റെ പ്രവൃത്തികൾ, ജലേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പതിനഞ്ച് ഗസ്റ്റ് ഹൗസുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്നിവ നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 44.65 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു .

2215-01-190-88 – ശുദ്ധജലവിതരണവും ശുചീകരണവും-ശുദ്ധജല വിതരണം-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-ഇ-ഗവേർണൻസ് , ജി. ഐ.എസ് . ഇൻഫർമേഷൻ മാനേജ്മെന്റ്

വിഹിതം : 1 കോടി രൂപ (പ്ലാൻ)

9) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയിൽ പഞ്ചിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനും മീഡിയം എൻഡ് ഡെസ്ക്ടോപ്പുകൾ , നെറ്റ് വർക്ക് കമ്പോണന്റ്സ് എന്നിവ വാങ്ങുന്നതിനും സെക്യൂരിറ്റി സിസ്റ്റം, വീഡിയോ കോൺഫറൻസിംഗ് സിസ്റ്റം എന്നിവ സ്ഥാപിക്കുന്നതിനും കാൾ സെന്ററിൽ എ.ഐ ഓട്ടോമേഷൻ ചെയ്യുന്നതിനും സെക്യൂരിറ്റി സിസ്റ്റത്തിനും ഓഡിറ്റിനുമായി ഈ ശീർഷകത്തിൽ 2.47 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-800-64 – ശുദ്ധജലവിതരണവും ശുചീകരണവും-ശുദ്ധജല വിതരണം-മറ്റു ചെലവുകൾ-കെ.ആർ.ഡബ്ള്യൂ.എസ് .എ. മുഖേന നടപ്പിലാക്കുന്ന മഴവെള്ള സംഭരണവും (ആർ.ഡബ്ള്യൂ.എച്ച് ) ഭൂഗർഭജല റീചാർജ്ജും (GWR)പദ്ധതിയുടെ ശേഷി ഉയർത്തലും

വിഹിതം : 12 കോടി രൂപ (പ്ലാൻ)

10) 2023-24 മുതലുള്ള സാമ്പത്തിക വർഷങ്ങളിൽ ബജറ്റ് വിഹിതം പൂർണമായും ലഭിക്കാത്തതിനാൽ കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി (KRWSA) മുഖേന നടപ്പിലാക്കുന്ന മഴവെള്ള കൊയ്ത്തിന്റെയും, ഗ്രൗണ്ട് വാട്ടർ റീചാർജ്ജിന്റെയും (GWR) അളവ് ഉയർത്തുന്നതിനായുള്ള നിർമ്മാണം പൂർത്തീകരിച്ചതും പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-800-47 – ശുദ്ധജലവിതരണവും ശുചീകരണവും-ശുദ്ധജല വിതരണം-മറ്റു ചെലവുകൾ-കുടിവെള്ളം-വരൾച്ച ലഘൂകരണവും വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും

വിഹിതം : 8 കോടി രൂപ (പ്ലാൻ)

11) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 10.48 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215 -02-190-99 (02)-31 – ശുദ്ധജലവിതരണവും ശുചീകരണവും-മാലിന്യ നിവാരണവും ശുചീകരണവും-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജല അതോറിറ്റിയ്ക്കുള്ള സഹായധനം-സഹായധനം-ശമ്പളം

വിഹിതം : 20.8798 കോടി രൂപ (നോൺ പ്ലാൻ)

12) കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളം, വിരമിച്ച ജീവനക്കാരുടെ പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ നൽകുന്നതിനും ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, ജി.പി.എഫ് . എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 25.11 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-02-190-99(02)-36 – ശുദ്ധജലവിതരണവും ശുചീകരണവും -മാലിന്യ നിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിയ്ക്കുള്ള സഹായധനം-സഹായധനം - ശമ്പളേതരം.

വിഹിതം : 14.2199 കോടി രൂപ (നോൺ പ്ലാൻ)

13) കേരള ജല അതോറിറ്റിയുടെ കീഴിലുള്ള സ്വീവറേജ് പദ്ധതികളുടെ നടത്തിപ്പിനും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് , വൈദ്യുതി ചാർജ് എന്നിവ നൽകുന്നതിനും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് , വൈദ്യുതി ചാർജ് എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 16.76 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**4215— ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ്**

4215 - 01- 101- 97— ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധന ച്ചെലവ് - ശുദ്ധജല വിതരണം-നഗര ജലവിതരണ പദ്ധതി-നഗര ജലവിതരണ പദ്ധതികളുടെ മെച്ചപ്പെടുത്തൽ/ പുനരധിവാസം

വിഹിതം : 34 കോടി രൂപ (പ്ലാൻ)

14) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 18.18 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 01- 101- 94— ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധന ച്ചെലവ് - ശുദ്ധജല വിതരണം - നഗര ജലവിതരണ പദ്ധതി- ADB സഹായത്തോടെയുള്ള കേരള നഗര ജല വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി (KUWSIP)(EAP)

വിഹിതം : 75 കോടി രൂപ (പ്ലാൻ)

15) കൊച്ചി നഗരത്തിൽ ആരംഭിച്ച ശുദ്ധജല വിതരണ ശൃംഖല മെച്ചപ്പെടുത്തൽ എന്ന പാക്കേജിന്റെ ഭാഗമായി, 190 MLD ശേഷിയുള്ള ജലശുദ്ധീകരണ ശാലയുടെ നിർമ്മാണത്തിനും അനുബന്ധ ജോലികൾക്കായും കൊച്ചിയിലെ അഞ്ച് ജലശുദ്ധീകരണ ശാലകളുടെയും പമ്പിങ് സ്റ്റേഷനുകളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 255 കോടി രൂപ അധികമായി ധനപുനഃ വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-102-98 (01)— ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് -ശുദ്ധജല വിതരണം-ഗ്രാമീണ ജലവിതരണം -നബാർഡ് സഹായമുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ -നബാർഡ് - ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് - ഗ്രാമീണജലവിതരണ പദ്ധതികളും ഗ്രാമീണ മലിനജല ശൃംഖലപദ്ധതികളും

വിഹിതം : 70 കോടി രൂപ (പ്ലാൻ)

16) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 17.03 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01- 102-97— ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം-ഗ്രാമീണ ജലവിതരണ പദ്ധതികൾ

വിഹിതം : 24 കോടി രൂപ (പ്ലാൻ)

17) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 28.84 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 01- 102- 92— ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് -ശുദ്ധജല വിതരണം-ഗ്രാമീണ ജലവിതരണം - ജൽ ജീവൻ മിഷൻ (NRDWP) 50%കേന്ദ്ര വിഹിതം

വിഹിതം : 560 കോടി രൂപ (പ്ലാൻ)

18) 50% കേന്ദ്ര വിഹിതത്തിൽ പ്രവർത്തിക്കുന്ന ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയായ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ 2026-27 സാമ്പത്തിക വർഷം 15 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു സഹായക പ്രവർത്തനങ്ങൾക്കും ജല ഗുണനിലവാര പരിശോധനാ സംവിധാനം നടപ്പിലാക്കുന്നതിനും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ കൊടുത്തു തീർക്കാനുള്ള ബില്ലിന്റെ സംസ്ഥാനവിഹിത കുടിശ്ശിക ഒടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5622.55 കോടി രൂപ അധികമായി സംസ്ഥാന വിഹിതമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 01- 102- 91— ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം-ഗ്രാമീണ ജലവിതരണം-ജലനിധിയുടെ കീഴിലുള്ള ജല വിതരണ പദ്ധതികളുടെ പൂർത്തീകരണം ഘട്ടം II

വിഹിതം : 1.35 കോടി രൂപ (പ്ലാൻ)

19) ജലനിധി രണ്ടാംഘട്ടത്തിൻകീഴിൽ പൂർത്തീകരിച്ച ജലവിതരണ പദ്ധതികളുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 4.23 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 01- 800- 92 — ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് -ശുദ്ധജലവിതരണം-മറ്റു ചെലവുകൾ -ജലസംരക്ഷണവും ഉറവിടം മെച്ചപ്പെടുത്തലും

വിഹിതം : 3 കോടി രൂപ (പ്ലാൻ)

20) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.71 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 01- 800- 91— ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ-മാനവശേഷി വികസനവും ഗവേഷണവും

വിഹിതം : 1 കോടി രൂപ (പ്ലാൻ)

21) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 76 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 01- 800- 89— ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം-മറ്റു ചെലവുകൾ - ഉല്പാദനവും വിതരണവും മെച്ചപ്പെടുത്തൽ.

വിഹിതം : 48 കോടി രൂപ (പ്ലാൻ)

22) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 57.87 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 01- 800- 88 — ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - ജിക്ക സഹകരണത്തോടുള്ള കേരള ശുദ്ധജലവിതരണ പദ്ധതി(സംസ്ഥാന പദ്ധതി പ്രകാരം ഒറ്റത്തവണ ധനസഹായം)

വിഹിതം : 5.57 കോടി രൂപ (പ്ലാൻ)

23) ജിക്ക സഹകരണത്തോടെയുള്ള ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പ്രവൃത്തികളുടെ കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനായി ഈ ശീർഷകത്തിൽ 10.43 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 01- 800- 87 — ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം- മറ്റു ചെലവുകൾ-ഊർജ്ജ കാര്യക്ഷമത മെച്ചപ്പെടുത്തൽ ഇലക്ട്രോ മെക്കാനിക്കൽ ഇനങ്ങളുടെ ഒപ്റ്റിമൈസേഷൻ , സുരക്ഷാ ഓഡിറ്റ് , ഡബ്ല്യു. ടി. പി.-കളുടെയും പമ്പ് ഹൗസുകളുടെയും പ്രവർത്തനത്തിൽ സുരക്ഷാ ഉറപ്പാക്കൽ

വിഹിതം : 8 കോടി രൂപ (പ്ലാൻ)

24) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചിലവുകൾക്കായും 350 ലക്ഷം ഊർജ്ജ ഓഡിറ്റിങ് നടത്തുന്നതിനും 150 ലക്ഷം സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനും ഉൾപ്പെടെയുള്ള ഊർജ്ജ കാര്യക്ഷമത പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 5.93 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 01- 800- 81 — ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം-മറ്റു ചെലവുകൾ -പദ്ധതി നടത്തിപ്പും നിരീക്ഷണവും

വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

25) പദ്ധതി നടത്തിപ്പിന്റെയും നിരീക്ഷണത്തിന്റെയും ഭാഗമായി 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഭരണ/സ്ഥാപന ചെലവുകൾക്കായും പുതിയ സാങ്കേതിക സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുമായും ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 02- 190- 99— ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - മലിനജല നിവാരണവും ശുചീകരണവും-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള വായ്പകൾ - കേരള ജല അതോറിറ്റിയുടെ മലിന ജല നിവാരണ പദ്ധതികൾ

വിഹിതം : 31 കോടി രൂപ (പ്ലാൻ)

26) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 10.62 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പുതിയ ശീർഷകം അനുവദിക്കുന്നത് സംബന്ധിച്ച്**

27) ജലജീവൻ മിഷന്റെ സംസ്ഥാനവിഹിതം കണ്ടെത്തുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് നബാർഡിൽ നിന്നും 9000 കോടി രൂപയുടെ വായ്പ എടുക്കുന്നതിനും ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ 5000 കോടി രൂപയുടെ വായ്പ എടുക്കുന്നതിനുള്ള അനുമതിയും ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 2 വർഷത്തെ മൊറട്ടോറിയം ഉൾപ്പെടെ 20 വർഷത്തെ കാലാവധിയിൽ 7.95 % പലിശ നിരക്കിൽ വ്യവസ്ഥകൾക്ക് വിധേയമായി 5000 കോടി രൂപയുടെ ടേം ലോൺ അനുവദിക്കുകയും ചെയ്തിട്ടുണ്ട് . വായ്പ വ്യവസ്ഥകൾ പ്രകാരം വായ്പാ തുകയ്ക്കും പലിശയ്ക്കും തുല്യമായ 100% തുകയ്ക്കുള്ള "നിരുപാധികവും പിൻവലിക്കാനാവാത്തതുമായ സർക്കാർ ഗ്യാരണ്ടിയും", തിരിച്ചടവിന് വാട്ടർ അതോറിറ്റിക്ക് പണം തികയാതെ വരുന്നപക്ഷം മുതലും പലിശയും അടയ്ക്കുന്നതിനായി സർക്കാരിന്റെ ബജറ്റ് വിഹിതത്തിൽ നിന്നും പലിശരഹിത വായ്പയായി പണം നൽകണമെന്ന വ്യവസ്ഥയുമാണ് നബാർഡ് ആവശ്യപ്പെട്ട പ്രധാന ഈട് . വിതരണം ചെയ്ത തുകയുടെ 2026 മാർച്ച് മാസത്തിൽ അവസാനിക്കുന്ന പാദത്തിലെ പലിശ തുകയായ 92,56,84,932 രൂപ 1-4-2026-ൽ അടയ്ക്കേണ്ടതുണ്ടെന്ന് നബാർഡ് അറിയിച്ചിരിക്കുന്ന സാഹചര്യത്തിലും വാട്ടർ അതോറിറ്റി നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ദൈനംദിന ചെലവുകൾക്കും ശമ്പളത്തിനും മാത്രമേ ആഭ്യന്തര വരുമാനം തികയുന്നുള്ളൂ എന്നതിനാലും കേരള വാട്ടർ അതോറിറ്റിയുടെ റവന്യൂ ഫണ്ടിൽ നിന്നും പ്രസ്തുത കടം വീട്ടുക എന്നത് അസാധ്യമായതിനാൽ വായ്പ തിരിച്ചടവിനായി ഒരു പുതിയ ശീർഷകം രൂപീകരിച്ച് ഈ ശീർഷകത്തിൽ 2026 - 27 സാമ്പത്തിക വർഷത്തെ പലിശ ഇനത്തിലുള്ള ഏകദേശ തിരിച്ചടവ് തുകയായ 397.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ— XXIX (കൃഷി)**

വോട്ട് ചെയ്തത് : 4147.1613 കോടി രൂപ

ചാർജ്ജ് ചെയ്തത് : 5 ലക്ഷം രൂപ

**2702— ചെറുകിട ജലസേചനം**

2702- 01- 800- 94- 34— ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം - മറ്റു ചെലവുകൾ

വിഹിതം : 35.0182 കോടി രൂപ (നോൺ പ്ലാൻ)

28) ജലസേചന വകുപ്പിന് കീഴിലുള്ള വിവിധ നിർമ്മിതികളുടെ സുഗമമായ പ്രവർത്തനത്തിനും അവയുടെ വാർഷിക പരിപാലനത്തിനും അറ്റകുറ്റപ്പണികൾക്കും അപ്രതീക്ഷിതമായ കാലാവസ്ഥ വ്യതിയാനം കാരണം നിർമ്മിതികൾക്കുണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702- 01- 800- 88-33— ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- പമ്പ് ഉപയോഗിച്ച് പുഞ്ചകൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി - സബ്സിഡികൾ.

വിഹിതം : 15.75 കോടി രൂപ (നോൺ പ്ലാൻ)

29) തിരുവനന്തപുരം , ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ പുഞ്ചകൃഷിക്ക് വേണ്ടി പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡിയുടെ 2025-26 സാമ്പത്തിക വർഷത്തെ കുടിശ്ശിക തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702- 01- 800- 86— ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലിനമായ നദികൾ പുനഃസ്ഥാപിക്കൽ

വിഹിതം : 2 കോടി രൂപ (പ്ലാൻ)

30) ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം കേരളത്തിലെ നദികളുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും അതുവഴി ട്രൈബ്യൂണൽ ചുമത്താൻ സാധ്യതയുള്ള പിഴ ഒഴിവാക്കുന്നതിനുമുള്ള പദ്ധതികൾ പൂർണമായി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702- 02- 103-99– ചെറുകിട ജലസേചനം - ഭൂഗർഭജലം - കുഴൽ കിണറുകൾ - ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി

വിഹിതം : 1.58 കോടി രൂപ (പ്ലാൻ)

31) ജലക്ഷാമമുള്ള പ്രദേശങ്ങളിൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി 50 ചെറുകിട കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം, 50 കുഴൽ കിണർ കൈപമ്പുകളുടെ അറ്റകുറ്റപ്പണികൾ, 20 റീചാർജ്ജ് പദ്ധതികളുടെ പുനരുദ്ധാരണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 42 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702- 02- 800-99– ചെറുകിട ജലസേചനം - ഭൂഗർഭജലം -മറ്റു ചെലവുകൾ- ഭൂഗർഭ ജല അതോറിറ്റി

വിഹിതം : ഇല്ല

32) ഭൂഗർഭജല ചൂഷണം നിയന്ത്രിക്കുന്നതിനായി പമ്പിങ് കിണറുകളിൽ നിന്നുള്ള സുരക്ഷിതമായ ഭൂജലത്തിന്റെ അളവ് നിർണയിക്കുന്നതിനുള്ള ശാസ്ത്രീയമായ പമ്പിങ് പരിശോധനകൾ നടത്തുന്നതിനും വ്യാവസായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് എൻ.ഒ.സി.-കൾ അനുവദിക്കുന്നതിനും ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതികൾ അനുവദിക്കുന്നതിനും ടാങ്കർ ലോറികളിൽ ഭൂജല വിതരണം നടത്തുന്നതിന് ഭൂജല ഉപയോഗത്തിനുള്ള നിരാക്ഷേപപത്രം അനുവദിക്കുന്നതിനും ജലക്ഷമതാ പരിശോധന നടത്തേണ്ടത് അനിവാര്യമായതിനാൽ ഇതിലേക്കായി വകുപ്പിന് നിലവിലുള്ള മൂന്ന് പമ്പിങ് ടെസ്റ്റ് യൂണിറ്റുകൾ അപര്യാപ്തമായതിനാൽ പുതിയതായി 2 പമ്പിങ് ടെസ്റ്റ് യൂണിറ്റുകൾ വാങ്ങുന്നതിനായും അതോറിറ്റിയുടെ ഫലപ്രദമായ പ്രവർത്തനത്തിന് ഡാറ്റ മാനേജ്മെന്റ് , നിരീക്ഷണം, നിയന്ത്രണം, സേവന വിതരണം എന്നിവയ്ക്കായുള്ള സംവിധാനങ്ങൾ ആവശ്യമായതിനാൽ സംസ്ഥാന ഭൂജല അതോറിറ്റിയുടെ സ്ഥാപനപരമായ ശേഷി

ശക്തിപ്പെടുത്തുന്നതിനും പ്രവർത്തന രീതികൾ സുഗമമാക്കുന്നതിനുമുള്ള സേവനങ്ങൾ നൽകുന്നതിനും ആധുനിക സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ എന്നിവ വാങ്ങുന്നതിനായും 15-1-2026 -ലെ സർക്കാർ ഉത്തരവ് (ആർ. റ്റി) നമ്പർ 3620/2025/ഫിൻ പ്രകാരം അനുവദിച്ചിട്ടുള്ള ഈ ശീർഷകത്തിൽ 2.5 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-03-101-98-(02)-34— ചെറുകിട ജലസേചനം-സംരക്ഷണപ്പണികൾ-വാട്ടർ ടാങ്കുകൾ-സംരക്ഷണപ്പണികൾ-മറ്റു ചെലവുകൾ-ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാടു തീർക്കൽ - മറ്റു ചെലവുകൾ

വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

33) ജലസേചന വകുപ്പിനു കീഴിലുള്ള കാലപ്പഴക്കംമൂലം പൂർണമായും ഉപയോഗപ്രദമല്ലാത്ത നിർമ്മിതികളുടെ പുനരുദ്ധാരണ/നവീകരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702- 03- 101- 98- (03) -34-3— ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ -വാട്ടർ ടാങ്കുകൾ-സംരക്ഷണപ്പണികൾ-മറ്റു ചെലവുകൾ-വെള്ളപ്പൊക്കനാശം മൂലമുള്ള അറ്റകുറ്റപ്പണികൾ -മറ്റു ചെലവുകൾ-മറ്റിനം

വിഹിതം : 13.9755 കോടി രൂപ (നോൺ പ്ലാൻ)

34) അപ്രതീക്ഷിതമായ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കംമൂലം തോടുകൾക്കുണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702- 03- 101-95— ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ- വാട്ടർ ടാങ്കുകൾ - നിലവിലുള്ള പ്രോജക്ട് ഏരിയയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ-ഒറ്റത്തവണ സഹായം

വിഹിതം : ഇല്ല

35) ജലസേചന വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങളിൽ ഭൂരിഭാഗവും കാലപ്പഴക്കം മൂലവും അറ്റകുറ്റപ്പണികളുടെ അഭാവത്താലും ശോചനീയാവസ്ഥയിലുള്ളവയാണ് . 2022-23 കാലയളവിൽ പ്രസ്തുത ശീർഷകത്തിൽ ഒറ്റത്തവണ സഹായമായി തുക അനുവദിച്ചിരുന്നു.

നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-80-005-99-34— ചെറുകിട ജലസേചനം-ജനറൽ-അന്വേഷണം-ചെറുകിട ജലസേചന പണികളെപ്പറ്റിയുള്ള വിശദമായ അന്വേഷണവും സംയോജിത പദ്ധതികൾ തയ്യാറാക്കലും - മറ്റു ചെലവുകൾ

വിഹിതം : 50 ലക്ഷം രൂപ ( പ്ലാൻ)

36) ജനപ്രതിനിധികളിൽ നിന്നും കർഷക സമിതികളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ പുതിയ ചെറുകിട ജലസേചന പദ്ധതികൾ ഏറ്റെടുക്കുന്നതിന് മുന്നോടിയായുള്ള പര്യവേഷണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**4702— ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്**

4702- 00-101-99— ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം -ചെറുകിട ജലസേചന പദ്ധതി ക്ലാസ് -I

വിഹിതം : 12 കോടി രൂപ ( പ്ലാൻ)

37) കാർഷിക ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ലഭ്യമായ എസ്റ്റിമേറ്റുകളും അപേക്ഷകളും അനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ഹെക്ടറിനു മുകളിൽ 2000 ഹെക്ടർ വരെ വിസ്തൃതിയുള്ള സ്ഥലത്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-89— ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -ഉപരിതല ജലം -മലബാർ ജലസേചന പാക്കേജ് (മിർപാ)- റെഗുലേറ്ററുകളുടെയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെയും പുനരുദ്ധാരണം.

വിഹിതം : 5 കോടി രൂപ (നോൺ പ്ലാൻ)

38) മലബാർ മേഖലയിൽ ചെറുകിട ജലസേചനത്തിനായി നിലവിലുള്ള സ്കീമുകളുടെ പുനരുദ്ധാരണ, നവീകരണ പ്രവൃത്തികൾ നടപ്പിലാക്കി കൂടുതൽ സ്ഥലങ്ങളിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനും നിലവിലുള്ള ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്ന തിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-87 – ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം - കുളങ്ങളുടെ നവീകരണം

വിഹിതം : ഇല്ല.

39) ജലസേചന സൗകര്യത്തിനുതകുന്ന പൊതുകുളങ്ങളുടെ നവീകരണത്തിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-82 – ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -ഉപരിതലജലം - ചെറുകിട ജലസേചന പദ്ധതി ക്ലാസ്സ് II

വിഹിതം : 16 കോടി രൂപ (പ്ലാൻ)

40) കാർഷിക ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ലഭ്യമായ എസ്റ്റിമേറ്റുകളും അപേക്ഷകളും അനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ചെറുകിട കർഷകർക്ക് സഹായകരമായ തരത്തിൽ 50 ഹെക്ടർ വരെ വിസ്തൃതിയുള്ള സ്ഥലത്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-79 – ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം - ചെക്ക് ഡാമുകളും റെഗുലേറ്ററുകളും

വിഹിതം : ഇല്ല.

41) വരൾച്ച പ്രതിരോധിക്കുന്നതിനും ഭൂഗർഭജലവിതാനം ഉയർത്തുന്നതിനുമായി നദികളിലും പുഴകളിലും തോടുകളിലും ചെക്ക് ഡാമുകൾ/ റെഗുലേറ്ററുകൾ നിർമ്മിച്ച് ജലസംഭരണം നടത്തുന്നതിനായി നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക

വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃ വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-77 – ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ് - ഉപരിതലജലം -കാവേരി ബേസിനിലെ ചെറുകിട ജലസേചന പദ്ധതികൾ

വിഹിതം : 2.6 കോടി രൂപ (പ്ലാൻ)

42) കാവേരി നദീജല തർക്ക പരിഹാര ട്രിബ്യൂണൽ വഴി കേരളത്തിന് അനുവദിച്ച ജലം ഫലപ്രദമായി വിനിയോഗിക്കുന്നതിനായി കബനി നദീതടത്തിൽ പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00- 101-73 – ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ് - ഉപരിതലജലം -ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനഃസ്ഥാപനം

വിഹിതം : 2 കോടി രൂപ (പ്ലാൻ)

43) അപ്രതീക്ഷിതമായ വെള്ളപ്പൊക്കവും മഴക്കെടുതിയുംമൂലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും അനുബന്ധ ഉപകരണങ്ങൾക്കും വലിയ തോതിൽ നാശ നഷ്ടങ്ങൾ സംഭവിക്കുന്നതിനാൽ അവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പ്രവർത്തന രഹിതമായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കും കാർഷിക ആവശ്യങ്ങൾക്കായി കൂടുതൽ പ്രദേശത്ത് ജലം ലഭ്യമാക്കുന്നതിനാവശ്യമായ ലീഡിംഗ് ചാനലിന്റെ നിർമ്മാണത്തിനും നിലവിലുള്ള കനാലുകളിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃ വിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-66 – ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ് - ഉപരിതലജലം -ചെറുകിട ജലസേചന പദ്ധതികൾ ക്ലാസ്സ് I- (ഹരിത കേരളം)

വിഹിതം : 17.10 കോടി രൂപ (പ്ലാൻ)

44) ഹരിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-65 – ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ് - ഉപരിതലജലം -ചെറുകിട ജലസേചന പദ്ധതി ക്ലാസ് II- ഹരിത കേരളം

വിഹിതം : 6.5 കോടി രൂപ (പ്ലാൻ)

45) ഹരിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-64 – ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം -ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം-പ്രാദേശിക ജല സ്രോതസ്സുകളുടെ സംരക്ഷണം

വിഹിതം : ഇല്ല

46) ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്താത്ത ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-63 – ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം - ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം-ഹരിത കേരളം പദ്ധതികൾ

വിഹിതം : 7.5 കോടി രൂപ (പ്ലാൻ)

47) ഹരിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702- 00- 102-94 – ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -ഭൂഗർഭജലം - ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി

വിഹിതം : 4 കോടി രൂപ (പ്ലാൻ)

48) കുടിവെള്ള ലഭ്യത പൂർണമായോ ഭാഗീകമായോ ഇല്ലാത്ത പ്രദേശങ്ങളിലെ 2500 കുടുംബങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കുവാൻ സാധിക്കുന്ന തരത്തിൽ 60 ചെറുകിട

കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും, 190 ബോർവെൽ/ട്യൂബ് വെൽ എന്നിവ നിർമ്മിക്കുന്നതിനും, 10 ജലശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ – XXXVIII (ജലസേചനം)**

വോട്ട് ചെയ്തത് : 987.2331 കോടി രൂപ

ചാർജ്ജ് ചെയ്തത് : 57.30 ലക്ഷം രൂപ

**2700 – വൻകിട ജലസേചനം**

2700-01-101-99 – വൻകിട ജലസേചനം-പെരിയാർ നദീതട പദ്ധതി (വാണിജ്യപരം) -സംരക്ഷണപ്പണികൾ - വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ്

വിഹിതം : 60 ലക്ഷം രൂപ (നോൺ പ്ലാൻ)

49) പി.വി.ഐ.പി -യുടെ കനാലുകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് സുഗമമായ ജലവിതരണം ഉറപ്പാക്കുന്നതിനുവേണ്ടി കനാലുകളിലെ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനായി എച്ച് . ആർ വർക്കർമാരെ നിയോഗിക്കേണ്ടത് അനിവാര്യമായതിനാൽ പ്രസ്തുത വർക്കർമാരുടെ വേതനം നല്കുന്നതിനായും കനാലുകൾക്ക് സമീപം അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-01-101-98 – വൻകിട ജലസേചനം - പെരിയാർ നദീതട പദ്ധതി (വാണിജ്യപരം)-സംരക്ഷണപ്പണികൾ - സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ

വിഹിതം : 7.5801 കോടി രൂപ (നോൺ പ്ലാൻ)

50) ഏകദേശം 60 വർഷം മുൻപ് നിർമ്മിച്ച പ്രസ്തുത പദ്ധതിയുടെ മിക്ക കനാലുകളുടെയും ലൈനിംഗ് തകർന്ന നിലയിലും ഹൈഡ്രോളിക് പർട്ടിക്കുലേഴ്സിന് വ്യതിയാനം സംഭവിച്ചിട്ടുള്ള സ്ഥിതിയിലുമായതിനാൽ കൂടുതൽ കനാലുകൾ തകരാതിരിക്കുവാൻ പ്രസ്തുത കനാലുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കുവാനും കനാലുകളുടെ അവസാനഭാഗം വരെ ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-02 – വൻകിട ജലസേചനം - മലമ്പുഴ പദ്ധതി (വാണിജ്യപരം)

വിഹിതം : 22.2846 കോടി രൂപ (നോൺ പ്ലാൻ)

51) സുഗമമായ ജലസേചനത്തിനു വേണ്ടിയുള്ള കനാൽ നവീകരണത്തിനായി ഈ ശീർഷകത്തിൽ 2.10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-03 – വൻകിട ജലസേചനം - വാളയാർ പദ്ധതി (വാണിജ്യപരം)

വിഹിതം : 2.0867 കോടി രൂപ (നോൺ പ്ലാൻ)

52) 3997 ഹെക്ടർ വിസ്തൃതിയുള്ള കാർഷിക മേഖലയ്ക്ക് വേണ്ടിയുള്ള ജലസേചന കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-04 – വൻകിട ജലസേചനം - മംഗലം പദ്ധതി (വാണിജ്യപരം)

വിഹിതം : 96.84 ലക്ഷം രൂപ (നോൺ പ്ലാൻ)

53) സുഗമമായ ജലസേചനത്തിനു വേണ്ടിയുള്ള കനാൽ നവീകരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 38.12 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-05 – വൻകിട ജലസേചനം -മീൻകര പദ്ധതി (വാണിജ്യപരം)

വിഹിതം : 1.3719 കോടി രൂപ (നോൺ പ്ലാൻ)

54) ഗായത്രിപ്പുഴ Stage-I spillover 2 പദ്ധതികളുടെ 5465 ഹെക്ടർ പ്രദേശത്തേക്കുള്ള ജലസേചന കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-11-101 - 98 – വൻകിട ജലസേചനം-നെയ്യാർ ജലസേചന പദ്ധതി (വാണിജ്യേതരം) -സംരക്ഷണപ്പണികൾ - സംരക്ഷണപ്പണികൾ - മറ്റു ചെലവുകൾ

വിഹിതം : 3.7862 കോടി രൂപ (നോൺ പ്ലാൻ )

55) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാലുകളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 1.10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-12— വൻകിട ജലസേചനം - പഴശ്ശി പദ്ധതി (വാണിജ്യേതരം)

വിഹിതം : 5.3769 കോടി രൂപ (നോൺ പ്ലാൻ)

56) ജലസേചനത്തിന് മുന്നോടിയായുള്ള കാടുവെട്ടിത്തെളിക്കൽ, സിൽട്ട് നീക്കം ചെയ്യൽ തുടങ്ങിയ പ്രാഥമിക പ്രവൃത്തികൾക്കും മരം മുറിക്കൽ, അടിസ്ഥാന സൗകര്യ വികസനം , മറ്റ് അടിയന്തര പ്രവൃത്തികൾ തുടങ്ങിയവയ്ക്കുമായി ഈ ശീർഷകത്തിൽ 2.45 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-13— വൻകിട ജലസേചനം - കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)

വിഹിതം : 11.1156 കോടി രൂപ (നോൺ പ്ലാൻ)

57) കനാലുകളുടെ നവീകരണത്തിനായും ജലസേചനത്തിന് മുന്നോടിയായുള്ള കാടുവെട്ടിത്തെളിക്കൽ തുടങ്ങിയ പ്രാഥമിക പ്രവൃത്തികൾ , മറ്റ് അടിയന്തര പ്രവൃത്തികളുടെ നിർവ്വഹണം എന്നിവയ്ക്കുമായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-14-101-98-18— വൻകിട ജലസേചനം - വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം)-സംരക്ഷണപ്പണികൾ-സംരക്ഷണപ്പണികൾ-മറ്റു ചെലവുകൾ-സംരക്ഷണം

വിഹിതം : 40 ലക്ഷം രൂപ (നോൺ പ്ലാൻ)

58) വാഴാനി ഡാമിന്റെയും ബ്രാഞ്ച് കനാലുകളുടെയും അടിയന്തര അറ്റകുറ്റപ്പണികൾക്കായും കനാലിന്റെ അവസാനഭാഗം വരെ വെള്ളം എത്തിക്കുന്നതിന്റെ ഭാഗമായി വലിയ തോതിലുള്ള ലീക്കേജ് നേരിടുന്ന കനാൽ ഭാഗങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായും Vazhani Dam-Library cum cultural maintenance, I B cleaning, 3 ബ്രാഞ്ച് കനാലുകളുടെയും മെയിൻ കനാലിന്റെയും അറ്റകുറ്റപ്പണികൾ എന്നിവ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-16-101-99— വൻകിട ജലസേചനം-പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)- സംരക്ഷണപ്പണികൾ - വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ്

വിഹിതം : 30 ലക്ഷം രൂപ (നോൺ പ്ലാൻ)

59) എച്ച് . ആർ. ജീവനക്കാരുടെ വേതനം നൽകുന്നതിനായും പദ്ധതിയുടെ മറ്റ് ചെലവുകൾക്കായും ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-16-101-98— വൻകിട ജലസേചനം-പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)- സംരക്ഷണപ്പണികൾ -സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ

വിഹിതം : 3.8 കോടി രൂപ (നോൺ പ്ലാൻ)

60) പ്രസ്തുത പദ്ധതിയുടെ 531.105 കിലോമീറ്റർ ദൈർഘ്യമുള്ള കനാൽ ശൃംഖലയുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായും ശുചീകരണ പ്രവൃത്തികളുടെ നിർവ്വഹണത്തിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപ ധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-17— വൻകിട ജലസേചനം - ചിറ്റൂർ പുഴ പദ്ധതി (വാണിജ്യേതരം)

വിഹിതം : 3.2516 കോടി രൂപ (നോൺ പ്ലാൻ)

61) 20440 ഹെക്ടർ കാർഷിക മേഖലയ്ക്ക് വേണ്ടിയുള്ള ജലസേചന കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-18— വൻകിട ജലസേചനം - കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

വിഹിതം : 10.1318 കോടി രൂപ (നോൺ പ്ലാൻ)

62) ജലവിതരണത്തിന് മുന്നോടിയായി കനാലുകളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും വളർന്നു നിൽക്കുന്ന ചെടികളും നീക്കം ചെയ്യുന്നതിനും കാഞ്ഞിരപ്പുഴ ഡാമിന്റെയും കനാലുകളുടെയും മറ്റ് അനുബന്ധ നിർമ്മിതികളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-25— വൻകിട ജലസേചനം - മൂലത്തറ ആർ .ബി. കനാൽ (വാണിജ്യേതരം)

വിഹിതം : 16 ലക്ഷം രൂപ (നോൺ പ്ലാൻ)

63) കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-26-101-98-34-2— വൻകിട ജലസേചനം-തണ്ണീർമുക്കം പദ്ധതി (വാണിജ്യേതരം) - സംരക്ഷണപ്പണികൾ -മറ്റു ചെലവുകൾ- വൈദ്യുതി ചെലവ്

വിഹിതം : 2.08 ലക്ഷം രൂപ (നോൺ പ്ലാൻ)

64) തണ്ണീർമുക്കം റെഗുലേറ്ററുകളുടെ പ്രവർത്തനത്തിനുള്ള വൈദ്യുതി ചാർജ്ജ് , കുടിശ്ശിക ഉൾപ്പെടെ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-27-101-98-18— വൻകിട ജലസേചനം-കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം) - സംരക്ഷണപ്പണികൾ-സംരക്ഷണപ്പണികൾ-മറ്റു ചെലവുകൾ -സംരക്ഷണം

വിഹിതം : 4.5 കോടി രൂപ (നോൺ പ്ലാൻ)

65) നാല്പതിലേറെ വർഷം പഴക്കമുള്ള കനാലും അനുബന്ധനിർമ്മിതികളും അത്യന്തം ശോചനീയാവസ്ഥയിലും ജീർണ്ണിച്ച നിലയിലുമായതിനാൽ ആയിരം കിലോമീറ്ററോളം ദൈർഘ്യമുള്ള പ്രസ്തുത കനാൽ പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 7.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701— ഇടത്തരം ജലസേചനം

2701-02-101-98-18— ഇടത്തരം ജലസേചനം- ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യപരം) -സംരക്ഷണപ്പണികൾ-സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ-സംരക്ഷണം

വിഹിതം : 1.9 കോടി രൂപ (നോൺ പ്ലാൻ)

